LIBRARY ARCHIVES Kerala Legislative Assembly

ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ

265 (973) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കോളേജ് തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പാരിപ്പള്ളിയിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2014-15-ൽ ക്ലാസ് തുടങ്ങുന്നതിന് അനുമതിക്കായി മെഡിക്കൽ കൗൺസിലിന് അപേക്ഷ നൽകിയിരുന്നെങ്കിലും അനുമതി ലഭിച്ചില്ല. മാവേലിക്കരയിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 2013 സെപ്തംബർ 19-ന ചേർന്ന ഇ.എസ്.ഐ. കോർപ്പറേഷന്റെ 160-ാമത് യോഗം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതിനായി ഫണ്ടുകൾ ഒന്നും വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള അധികാരം ഇ.എസ്.ഐ. കോർപ്പറേഷനാണുള്ളത്.

(സി&ഡി) പാരിപ്പള്ളി മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള സ്ഥലവും മൂലധനവും നിലവിൽ ലഭ്യമാണ്. മാവേലിക്കര മെഡിക്കൽ കോളേജിനായി ഫണ്ടൊന്നും ഇതുവരെ വകയിരുത്തിയിട്ടില്ല.